# സംസ്ഥാന ജി.എസ്.ടി വകുപ്പ്

ടാക്സ് ടവർ, കിള്ളിപ്പാലം

മാർച്ച്–27 , 2018 കരമന, തിരുവനന്തപുരം

## പത്രക്കുറിപ്പ്

## അന്തർ സംസ്ഥാന ചരക്ക് നീക്കത്തിന് ഇ–വേബിൽ ഏപ്രിൽ ഒന്ന് മുതൽ.

തിരുവനന്തപുരം:അന്തർ സംസ്ഥാന ചരക്ക് നീക്കത്തിന് രാജ്യവ്യാപകമായി ഏപ്രിൽ ഒന്ന് മുതൽ ഇ–വേബിൽ നിലവിൽ വരും. മുൻപ് സാങ്കേതിക കാരണങ്ങളാൽ താൽക്കാലികമായി നിർത്തിവെച്ച സംവിധാനം തകാരാറുകൾ പരിഹരിച്ചാണ് ഏപ്രിൽ ഒന്ന് മുതൽ രാജ്യത്തൊട്ടാകെ നിലവിൽ വരുന്നത്.

നിലവിൽ 50,000 രൂപയിൽ അധികം മൂല്യമുള്ള അന്തർ സംസ്ഥാന ചരക്ക് നീക്കത്തിനാണ് ഈ–വേബിൽ നിർബന്ധമാക്കിയിരിക്കുന്നത്. എന്നാൽ 50,000 രൂപയിൽ കുറവ് മൂല്യമുള്ള ഒന്നിലധികം ചരക്കുകൾ ഒരു വാഹനത്തിൽ കൊണ്ടുപോകുമ്പോൾ മൂല്യം 50000 രൂപയിൽ കൂടുതൽ അയാലും ഇ–വേബിൽ എടുക്കേണ്ട സാഹചര്യം താൽക്കാലികാമായി ഒഴിവാക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച ഉത്തരവ് പിന്നീട് പുറപ്പെടുവിക്കും. മൂല്യം കണക്കാക്കുമ്പോൾ നികുതി ഒഴിവുള്ള ചരക്കുകളുടെ മൂല്യം കണക്കാക്കേണ്ടതില്ല.

പൊതു ഗതാഗത സംവിധാനം വഴിയുള്ള ചരക്ക് നീക്കത്തിനും ഈ–വേബിൽ ആവശ്യമാണെങ്കിലും റെയിൽവേ വഴി ചരക്ക് നീക്കം തുടങ്ങുന്നതിന് ഈ–വേബിൽ ആവശ്യമില്ല. എന്നാൽ സ്റ്റേഷനിൽ നിന്ന് ചരക്ക് വിട്ടുകിട്ടാൻ ഈ–വേബിൽ ഹാജരാക്കണം. ചരക്ക് വിൽക്കുന്ന ആളിനാണ് ഇ–വേബിൽ സംവിധാനത്തിൽ വിവരങ്ങൾ വെളിപ്പെടുത്താനുള്ള ഉത്തരവാദിത്വം. എന്നാൽ വിൽക്കുന്ന ആൾ ഇ–വേബിൽ എടുക്കുന്നില്ലെങ്കിൽ വാങ്ങുന്ന ആളിനോ, ട്രാൻസ്പോർട്ടർക്കോ ഇ–വേബിൽ എടുക്കാവുന്നതാണ്. ആരെടുത്താലും മൂന്ന് കൂട്ടരുടെയും രജിസ്റ്റേർഡ് മൊബൈൽ നമ്പറിൽ സന്ദേശം ലഭിക്കും. ഇ–വേബിൽ സംവിധാനത്തിൽ വിവരങ്ങൾ വെളിപ്പെടുത്തിയതിന് ശേഷം ഡിക്ലറേഷനിൽ തെറ്റുകൾ കണ്ടെത്തുകയോ, ചരക്ക്

നീക്കം നടക്കാതെ വരുകയോ ചെയ്താൽ 72 മണിക്കൂറിനുള്ളിലോ, ഈ-വേബില്ലിന്റെ കാലാവധിയോ ഏതാണോ ആദ്യം വരുന്നത് അതിനുള്ളിൽ ചരക്ക് സ്വീകരിക്കുന്ന ആളിന് ഇ-വേബിൽ തിരസ്കരിക്കാം. റെയിൽവേ, ജലഗതാഗതം വഴിയുള്ള ചരക്ക് നീക്കത്തിന് ചരക്ക് നീക്കം തുടങ്ങിയ ശേഷവും ഈ-വേബിൽ ജനറേറ്റ് ചെയ്യാമെന്ന് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് അറിയിച്ചു.